**ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ്.**

**"ഭരണഭാഷ മാതൃഭാഷ."** ഏരൂർ എസ്റ്റേറ്റ്, ഭാരതീപുരം പി ഒ.

**സീനിയർ മാനേജരുടെ ഓഫീസ്.(R.O)**

GST 32AAACO3695G1ZI

OP/RO/TNDR-900 18-06-2026

# <u>ഇ-ടെൻഡർ നോട്ടീസ്</u>

ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ചിതറ എസ്റ്റേറ്റിലെ താഴെ പറയുന്ന ഫീൽഡിൽ, 2026 ലെ ഒന്നാം ഘട്ടം കാട് വെട്ടി വൃത്തിയാക്കുന്നതിനുള്ള ടെൻഡറുകൾ വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | ഡിവിഷൻ & ഫീൽഡ് | കാട് വെട്ടേണ്ടുന്ന ഏരിയ ഹെക്ടറിൽ | റിമാർക്ക്സ് |
|---|---|---|---|
| 1 | ചിതറ **A-2** | 90 | |

**1**, മേൽപ്പറഞ്ഞ ഫീൽഡിലെ കളകൾ അരിവാൾ ഉപയോഗിച്ച് വെട്ടി മാറ്റേണ്ടതാണ്. വെട്ടിമാറ്റിയ കളകൾ പനയുടെ ഇടയിൽ വാരികൂട്ടേണ്ടതും, പനമടലുകൾ വെട്ടി നാല് പനകളുടെ ഇടയ്ക്കായി കൂട്ടി ഇടേണ്ടതുമാണ്. പനകളിൽ പടർന്നു പിടിച്ചിട്ടുള്ള കളപ്പയർ വലിച്ചുമാറ്റി ചുവട് വൃത്തിയാക്കേണ്ടതും, ഫീൽഡിൽ ആവശ്യമുള്ള ഭാഗത്ത് ഇൻസ്പെക്ഷൻ പാത്തുകൾ തെളിയിക്കേണ്ടതും, റോഡുകൾ വൃത്തിയാക്കേണ്ടതുമാണ്. വെട്ടിയിട്ട കളകൾ പനയുടെ ചുവട്ടിൽ നിന്നും മാറ്റി തടം വൃത്തിയാക്കേണ്ടണ്.

**2**, മേൽപ്പറഞ്ഞ ജോലികൾ ചെയ്യുതീർക്കുന്നതിന് ഒരു ഹെക്ടറിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്

**3**, ഓൺലൈനായി ഇ-ടെൻഡറുകൾ തരുന്നതിനുള്ള അവസാന തീയതി 29-06-2026 06.00 Pm വരെ. ടെൻഡറുകൾ തുറക്കുന്ന തീയതി 02-07-2026 10.00 Am ന്.

**4**, ഇ-ടെൻഡറുകൾ പ്രകാരം ലഭിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിൽ, കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തുന്നവരുമായി കരാർ ഉറപ്പിക്കുന്നതുമായിരിക്കും.

5, ടെൻഡർ ഉറപ്പിച്ചു കഴിഞ്ഞാൽ ചുവടെ പറയുംവിധം സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് 500/- രൂപ മുദ്രപ്പത്രത്തിൽ എഗ്രിമെൻറ് വക്കേണ്ടതാണ്.

| ക്രമ നമ്പർ | ഡിവിഷൻ & ഫീൽഡ് | കാട് വേട്ടേണ്ടുന്ന ഏരിയ ഹെക്ടറിൽ | നിരതദ്രവ്യം | സെക്യൂരിറ്റി ഡെപ്പോസിറ്റ് |
|---|---|---|---|---|
| 1 | ചിതറ **A-2** | 90 | 11,250/- | 22,500/- |

6, ടെൻഡർ കിട്ടിയ അറിയിപ്പ് ഉണ്ടായാൽ ഒരാഴ്ച്ചയ്ക്കകം എഗ്രിമെൻറ് വച്ച് ജോലികൾ ആരംഭിക്കേണ്ടതും, കാലാവധി പ്രകാരം തീർക്കേണ്ടതുമാണ്. എന്തെങ്കിലും കാരണവശ്ശാൽ നിർദ്ദിഷ്ട സമയത്തിനുള്ളിൽ ജോലികൾ തീർക്കാതെ വരികയോ, ജോലിയിൽ വീഴ്ച്ച വരുത്തുകയോ ചെയ്താൽ, മാനേജ്മെൻറ് മറ്റുവിധത്തിൽ ജോലികൾ തീർക്കുന്നതും, തന്മൂലമുണ്ടാകുന്ന നഷ്ടം കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതുമാണ്.

7, വർക്ക് ഓഡർ ലഭിച്ച് 30 ദിവസത്തിനകം ജോലികൾ പൂർത്തിയാക്കേണ്ടതാണ്.

8, ടെൻഡർ പ്രകാരമുള്ള ജോലി 30 ദിവസത്തിനകം പൂർത്തിയാക്കാത്ത പക്ഷം പിന്നീടുള്ള ഓരോ ദിവസവും 500 രൂപ പിഴ ഈടാക്കുന്നതാണ്

9, ഏതു ടെണ്ടറും പ്രത്യേക കാരണം കൂടാതെ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനുമുള്ള അധികാരം മാനേജ്മെൻറ് ന് ഉണ്ടായിരിക്കുന്നതായിരിക്കും

**10,** എസ്റ്റേറ്റ് മാനേജരുടെ ശുപാർശ അനുസരിച്ച് കാട് വെട്ടിയ ഭാഗത്തിൻറെ 70% തുക പാർട്ട് പേമെൻറ് നൽകുന്നതായിരിക്കും

**11,** ആവശ്യമെന്ന് കണ്ടാൽ നിരക്കിൻറെ കാര്യത്തിൽ സന്ധിസംഭാഷണം നടത്തുന്നതാണ്

12, ടെൻഡറുമായി ബന്ധപ്പെട്ട എല്ലാ നിയമ നടപടികൾക്കും കോട്ടയത്തുള്ള കോടതികളെ സമീപിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ എസ്റ്റേറ്റ് ഓഫീസിൽ നിന്നോ കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ പ്രവർത്തി ദിനങ്ങളിൽ അറിയാവുന്നതാണ് .

ഫോൺ :-
സീനിയർ മാനേജർ (എസ്റ്റേറ്റ്സ്) 9745766466
മാനേജർ - ചിതറ എസ്റ്റേറ്റ്. 9745766468

ഒപ്പ്

സീനിയർ മാനേജർ (എസ്റ്റേറ്റ്സ്)